പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4684 20.10.2011 ൽ മറുപടിയ്ക്ക്

വിൽപ്പന നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി

ചോദ്യം ഉത്തരം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | 30.4.2011 വരെ വിൽപ്പന നികുതി ഇനത്തിൽ കുടിശ്ശികയായി പിരിഞ്ഞ് കിട്ടാനുള്ള തുക എത്രയെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (എ) | 30-04-11 വരെ വിൽപ്പന നികുതിയിനത്തിൽ കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ജില്ല | കുടിശ്ശിക (തുക ലക്ഷത്തിൽ) |
|---|---|
| തിരുവനന്തപുരം | 22920.75 |
| കൊല്ലം | 30322.74 |
| പത്തനംതിട്ട | 5685.97 |
| ആലപ്പുഴ | 6714.83 |
| കോട്ടയം | 9317.78 |
| ഇടുക്കി | 3815.91 |
| എറണാകുളം | 175414.82 |
| മട്ടാഞ്ചേരി | 19241.11 |
| തൃശ്ശൂർ | 13335.19 |
| പാലക്കാട് | 25271.52 |
| മലപ്പുറം | 5085.10 |
| കോഴിക്കോട് | 16225.44 |
| വയനാട് | 2576.89 |
| കണ്ണൂർ | 2532.16 |
| കാസർകോട് | 3119.28 |

| | | | |
|---|---|---|---|
| (ബി) | വിൽപ്പന നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (ബി) | കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിനും വിഭവ സമാഹരണം മെച്ചപ്പെടുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. കോടതി, സർക്കാർ, വിവിധഅപ്പീൽ അധികാരികൾ എന്നിവർ നൽകിയിട്ടുള്ള സ്റ്റേ ഉത്തരവുകൾ നീക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.<br>2. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനു ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിങ്ങ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടപടികൾ നടത്തി നികുതി കുടിശ്ശിക പിരിക്കുന്നുണ്ട്.<br>3. കുടിശ്ശിക വസൂലാക്കുന്നതിന് ആംനസ്റ്റി സ്കീം പ്രകാരവും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | വലിയ തോതിൽ വിൽപ്പന നികുതി കുടിശ്ശിക വരുത്തുന്നത് ഏത് മേഖലയിലുള്ള വിൽപ്പനശാലകളാണെന്ന് വ്യക്തമാക്കുമോ ? | (സി) | കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് പെട്രോളിയം കോർപ്പറേഷൻ, കോഴിവിൽപ്പന മേഖല, മലഞ്ചരക്ക്, തടി, റബ്ബർ, കെമിക്കൽസ്, ബാർ ഹോട്ടൽ തുടങ്ങിയവയാണ് വലിയ തോതിൽ വിൽപ്പന നികുതി കുടിശ്ശിക വരുത്തുന്നത്. |

Chandrika

**സെക്ഷൻ ഓഫീസർ**